I/56444/2024

# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
E-mail: info@pravasikerala.org www.pravasikerala.org

KNRKWB

## സർക്കുലർ

KNRKWB/581/2024-S18

09-07-2024
തിരുവനന്തപുരം

**വിഷയം** **കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് - ക്ഷേമ നിധി അംഗത്വം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ.**

1) കേരള നിയമസഭ അംഗീകരിച്ച 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ്, 2009ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള പ്രവാസി ക്ഷേമ ബോർഡ്, പ്രവാസി കേരളീയർക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. 18 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള കേരളീയനായ പ്രവാസിക്ക് ലോകത്തിൻറെ ഏത് കോണിൽ നിന്നും കേരള പ്രവാസി ക്ഷേമ ബോർഡിൻറെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.pravasikerala.org വഴി ഓൺലൈൻ ആയി കേരള പ്രവാസി ക്ഷേമ നിധിയിൽ അംഗത്വം എടുക്കാവുന്നതാണ്.

2) പ്രവാസി മലയാളികൾ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ, അപേക്ഷയോടൊപ്പം നൽകുന്ന സർട്ടിഫിക്കറ്റുകളിലെ അപര്യാപ്തത മൂലം, അപേക്ഷ നിരസിക്കപ്പെടുകയോ, അംഗത്വം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇതുമൂലം പ്രവാസി മലയാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**i) അംഗത്വത്തിന് അർഹതയുള്ള വിഭാഗങ്ങൾ**

ക്ഷേമ നിധിയിൽ അംഗമാകുവാൻ യോഗ്യതയുള്ള പ്രവാസി കേരളീയരെ മൂന്നു വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

- 1A - വിദേശത്തു നിലവിൽ ജോലി ചെയ്യുന്ന കേരളീയർ.
- 1B - വിദേശത്തു രണ്ടു വർഷമെങ്കിലും ജോലി ചെയ്തശേഷം കേരളത്തിൽ സ്ഥിരതാമസമാക്കിയ കേരളീയർ

- 2A - ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിലോ കേന്ദ്ര ഭരണ പ്രദേശങ്ങളിലോ ജോലി സംബന്ധമായി കുറഞ്ഞത് 6 മാസമായി താമസിച്ച് വരുന്ന കേരളീയർ.

**ii) പ്രവാസി ക്ഷേമനിധിയിൽ എങ്ങനെ അപേക്ഷ സമർപ്പിക്കാം**

- കേരള പ്രവാസി ക്ഷേമ ബോർഡിൻറെ വെബ് സൈറ്റ് ആയ **www.pravasikerala.org** ൽ കയറുക
- **www.pravasikerala.org** **Services** **Online registration** എന്നീ ലിങ്കുകളിലൂടെ കടന്നു **New registration** Link തുറക്കുക .
- നിർദ്ദിഷ്ട സ്ഥലത്തു അപേക്ഷകൻറെ ഫോൺ നമ്പർ കൊടുക്കുക. ഫോണിൽ OTP വരുമ്പോൾ പ്രസ്തുത OTP യഥാസ്ഥാനത്തു ടൈപ്പ് ചെയ്തുകൊടുക്കുക. തുടർന്ന് ടി ഫോണിലേക്ക് **user id , password** എന്നിവ വരുന്നതായിരിക്കും, അപ്പോൾ അതുപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്.
- ഇപ്രകാരം ലോഗിൻ ചെയ്തശേഷം ലഭിക്കുന്ന അപേക്ഷാ ഫാറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്യുക.
- രജിസ്ട്രേഷൻ ഫീസ് ആയ 200 രൂപ ഓൺലൈൻ വഴി അടക്കുന്നതോടെ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാം .
- മേൽ പറഞ്ഞ നടപടി ക്രമങ്ങൾ യഥാവിധി പൂർത്തീകരിച്ച ശേഷം അപേക്ഷ സബ്മിറ്റ് ചെയ്യുക. ഇപ്രകാരം ബോർഡിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകരിക്കുന്ന മുറയ്ക്ക് അപേക്ഷയിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിലേയ്ക്ക് രജിസ്ട്രേഷൻ നമ്പർ SMS ആയി ലഭിക്കുന്നതാണ്.
- രജിസ്ട്രേഷൻ നമ്പർ ലഭിച്ച് കഴിഞ്ഞാൽ അപേക്ഷകന് തൻറെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ID കാർഡിൻറെ പ്രിൻറ് എടുക്കാവുന്നതാണ്.

**iii) <u>അംഗത്വത്തിനായി സമർപ്പിക്കേണ്ട രേഖകൾ</u>**

A. **വിഭാഗം 1 A ( പ്രവാസി കേരളീയൻ വിദേശം )**

1. പാസ്സ്പോർട്ട് സൈസ് ഫോട്ടോ ,ഒപ്പ്
2. നിലവിൽ സാധുതയുള്ള പാസ്സ്പോർട്ടിലെ ജനനതീയതി, മേൽവിലാസം എന്നിവ ഉൾപ്പെടെയുള്ള പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
3. പ്രാബല്യത്തിലുള്ള വിസ / ഇഖാമ / റെസിഡൻസ് പെർമിറ്റ് / റീഎൻട്രി വിസ എന്നിവയിൽ ഏതെങ്കിലും ഒന്നിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ഏതെങ്കിലും ഒരു തിരിച്ചറിയൽ കാർഡ്
5. ആധാർകോപ്പി

B. **വിഭാഗം 1 B (മുൻപ്രവാസികേരളീയൻ -വിദേശം)**

1. പാസ്സ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ്.
2. ജനനതീയതി തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (SSLC / School certificate / Driving licence / Passport )
3. പാസ്സ്പോർട്ടിലെ ജനനതീയതി, മേൽവിലാസം എന്നിവ ഉൾപ്പെടെ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
4. 1ബി ഫോമിൽ ഉൾപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ( ഗസറ്റഡ്ഓഫീസർ/ വില്ലേജ്ഓഫീസർ / സ്വയംഭരണ സ്ഥാപനങ്ങളുടെ തലവൻ / MP / MLA / പ്രവാസി ക്ഷേമ ബോർഡ് ഡയറക്ടർ ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയത് )
5. വിദേശത്തു രണ്ടു വർഷത്തിലധികം സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നു തെളിയിക്കുന്ന എൻട്രി, എക്സിറ്റ്സീലുകൾ ഉൾപ്പെടെ പാസ്സ്പോർട്ടിലെ വിസ / ഇഖാമയുടെ വ്യക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
6. ആധാർകോപ്പി

C. **വിഭാഗം2A (പ്രവാസി കേരളീയൻ - ഭാരതം)**

1. പാസ്സ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ്

2. ജനനതീയതി തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (SSLC / School Certificate / Driving License / Passport )
3. അപേക്ഷകൻ കേരളത്തിന് പുറത്തു ഇന്ത്യയിൽ 6 മാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണെന്നു തെളിയിക്കുന്ന 2 എ ഫോമിൽ ഉൾപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള റെസിഡൻസ് സർട്ടിഫിക്കറ്റ്. ( ബന്ധപ്പെട്ട സംസ്ഥാനത്തെ വില്ലേജ് ഓഫീസർ / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ സെക്രട്ടറി / പ്രസിഡൻറ് / ഒരു ഗസറ്റഡ് ഓഫിസർ / നിയമസഭാംഗം / പാർലമെൻറ് അംഗം ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ) മേൽ പറഞ്ഞവരിൽ നിന്നുമുള്ള റെസിഡൻറ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പക്ഷം നോർക്ക റൂട്ട്സ് നൽകിയ ID കാർഡ് സ്വീകരിക്കുന്നതാണ്.
4. കേരളത്തിന് പുറത്തു ഇന്ത്യയിൽ എവിടെയെങ്കിലും തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും ഏതെങ്കിലും വ്യവസായം / ബിസിനസ്സ് സ്ഥാപനം നടത്തുകയാണെങ്കിൽ അത് സംബന്ധിച്ചും സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും അല്ലെങ്കിൽ എന്തിനു വേണ്ടിയാണു താമസിക്കുന്നത് എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട സംസ്ഥാനത്തെ തൊഴിലുടമയിൽ നിന്നോ, സ്ഥാപന അധികാരിയിൽ നിന്നോ, വില്ലേജ് ഓഫീസറിൽ നിന്നോ തത്തുല്യ പദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോ ഉള്ള സാക്ഷ്യപത്രമോ / ബോർഡ് നിശ്ചയിക്കുന്ന രേഖകളോ ഹാജരാക്കണം.
5. കേരളീയൻ ആണെന്ന് തെളിയിക്കുന്നതിന് കേരള വിലാസം ഉള്ള ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, ആധാർകാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് ഇവയിൽ ഏതെങ്കിലും ഒന്നിൻറെ പകർപ്പ്.
6. ആധാർകോപ്പി

**iv)** <u>**ക്ഷേമനിധി അംഗങ്ങൾ പാലിക്കേണ്ടതായ പൊതുനിർദ്ദേശങ്ങൾ**</u>

1. ക്ഷേമനിധിയിൽ അംഗത്വം നേടുന്നതു മുതൽ 60 വയസ്സ് / പെൻഷൻ

I/56444/2024

പ്രായം പൂർത്തിയാകുന്നതുവരെ അംശദായംമുടങ്ങാതെ എല്ലാമാസവും അടക്കേണ്ടതാണ്.

2. പ്രവാസി കേരളീയൻ - വിദേശം (1 എ) വിഭാഗക്കാർ 350 രൂപയും ,മുൻ പ്രവാസി -കേരളീയൻ (1 ബി), പ്രവാസി കേരളീയൻ -ഭാരതം (2 എ) 200 രൂപയും അംശദായം അടയ്ക്കണം
3. 55 വയസ്സിന് ശേഷം അംഗത്വം എടുക്കുന്നവർ 5 വർഷം പൂർത്തിയാകുന്നത് വരെ അംശദായം അടക്കേണ്ടതാണ്.
4. അംശദായം 11 മാസത്തിൽ കൂടുതൽ മുടക്കം വരുകയാണെങ്കിൽ അംഗത്വം സ്വമേധയാ നഷ്ടപ്പെടുന്നതാണ്.
5. അംഗത്വം സ്വമേധയാ നഷ്ടമാകുന്നവർക്ക് പെൻഷൻ ആകുന്നതിനു മുൻപ് കുടിശിക വരുത്തിയ അംശദായവും പിഴയും ഉൾപ്പെടെ അടച്ച് തീർത്ത് അംഗത്വം പുനഃ സ്ഥാപിക്കാൻ അവസരം നൽകുന്നതാണ്

Signed by
Geetha Lekshmi M B
Date: 09-07-2024 15:07:49

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

1. എല്ലാ ജില്ല എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐറ്റി മാനേജർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് )
3. ജില്ലാ ഓഫീസുകൾ, അക്ഷയ കേന്ദ്രം
4. സേവാ കേന്ദ്രങ്ങൾ, GME, സൊസൈറ്റികൾ, ഏജൻസികൾ
5. മാനേജർ (ഫിനാൻസ്)
6. CA To CEO
7. അക്കൗണ്ട്സ് സെക്ഷൻ
8. ഓഫീസ് കോപ്പി